**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 81 04.02.2013 - ലെ മറുപടിക്ക്

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പ് വ്യത്യാസമില്ലാതെ പ്രൊമോഷൻ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പുതല വ്യത്യാസമില്ലാതെ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇപ്പോൾ തസ്തികമാറ്റം വഴി എത്ര ശതമാനമാണ് പ്രൊമോഷൻ എന്ന് വ്യക്തമാക്കുമോ;<br><br>(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നല്ലൊരു ശതമാനം പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതകൾ ഉള്ളവരായതിനാൽ പ്രൊമോഷൻ ശതമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br><br>സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രസ്തുത വകുപ്പുകളിൽ ക്ലാസ് III തസ്തികകളിലേക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വ്യത്യസ്തമായ രീതിയിലാണ് പ്രൊമോഷൻ നൽകി വരുന്നത്. എല്ലാ വകുപ്പുകളിലും പ്രൊമോഷൻ നൽകുന്നതിന് ഒരു ഏകീകൃത മാനദണ്ഡം രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ